പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 555 - 10.06.2014 ലെ മറുപടിയ്ക്ക്

കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ പ്രൊഫഷണൽ എഡ്യു കെയർ ചിട്ടി പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ), (ബി), & (സി) | " പ്രൊഫഷണൽ എഡ്യു കെയർ ചിട്ടി" എന്ന പദ്ധതി 25/11/2013 മുതൽ കെ. എസ്. എഫ്. ഇ യിൽ ആരംഭിച്ചിട്ടുണ്ട്.<br>പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പഠനം വളരെ ചിലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനു വേണ്ടി കെ.എസ്.എഫ്.ഇ വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് "പ്രൊഫഷണൽ എഡ്യു കെയർ ചിട്ടി". കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യം കൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ നൽകിയിട്ടുള്ള ഒരു "സേവിംഗ് പോട്ടിൽ" നിക്ഷേപിക്കുകയും ആയത് അതാത് സ്കൂൾ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000,3000,5000 രൂപ നിരക്കിൽ 30, 40,60,70,80,90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നു |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദമാക്കുമോ ; | | |
| (സി) | ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഇതിനായി കെ.എസ്.എഫ്.ഇ യുടെ 7 മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 7 ശാഖകളിൽ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ ശാഖകളിലേയ്ക്ക് താമസിയാതെ വ്യാപിപ്പിക്കുന്നതാണ്. ചിട്ടിത്തുക പിടിച്ചശേഷം ചിട്ടിയുടെ കാലാവധി തീരുന്നത് വരെ (കുട്ടിയുടെ +2 വിദ്യഭ്യാസം കഴിയുന്നതുവരെ) കെ.എസ്.എഫ്.ഇ യുടെ CSDT എന്ന സ്ഥിര നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്നു. പ്രസ്തുത നിക്ഷേപത്തിന് സാധാരണ സ്ഥിര നിക്ഷേപത്തിൽ നിന്നും അധികമായി പലിശ നൽകുന്നതായിരിക്കും. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമ പ്രകാരം തന്നെയാണ് നടപ്പിലാക്കുക. |
| (ഡി) | പദ്ധതി നടത്തിപ്പിനുള്ള ധന സമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സാധാരണ ചിട്ടികളുടെ രീതി തന്നെയാണ് ഈ ചിട്ടികൾക്കും ധനസമാഹരണത്തിന് ഉപയോഗിക്കുന്നത്. അതായത് പ്രതിമാസ തവണകളായി തുക, ഇടപാടുകാരിൽ നിന്നും സമാഹരിക്കുന്നു. അതിനാൽ പ്രത്യേക ധനസമാഹരണത്തിന്റെ ആവശ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.